**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.6058** **19/11/2019 ൽ മറുപടിക്ക്**

**ശബരിമലയിലെ അടിസ്ഥാന സൗകര്യ വികസനങ്ങൾ**

**ചോദ്യം** **മറുപടി**

**ശ്രീ.പുരുഷൻ കടലുണ്ടി** **കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ശബരിമലയിലെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി കഴിഞ്ഞ സർക്കാർ ഓരോ മേഖലയിലും ചെലവഴിച്ച തുക എത്രയെന്നത് അറിയിക്കാമോ; | (എ) | വിവരം ശേഖരിച്ച് വരുന്നു. |
| (ബി) | ഈ സർക്കാർ വന്നതിനു ശേഷം ശബരിമലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി മാറ്റിവെച്ച തുക എത്രയാണെന്ന് വെളിപ്പെടുത്താമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ശബരിമലയുടെ അടിസ്ഥാന വികസനങ്ങൾക്ക് 2016-17 വർഷം 12.18 കോടി രൂപയും, 2017-18-ൽ 25 കോടി രൂപയും, 2018-19-ൽ 28 കോടി രൂപയും ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. ഈ വർഷം (2019-20) ന് 28 കോടി രൂപയും ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിയ്ക്ക് വകയിരുത്തിയിട്ടുണ്ട്. ശബരിമലയിൽ തീർത്ഥാടകരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി വിവിധഘട്ടങ്ങളിലായി പ്രഖ്യാപിച്ചിട്ടുള്ള 739 കോടി രൂപയിൽ 200 കോടി രൂപ റോഡ് നിർമ്മാണ അറ്റകുറ്റ പ്രവർത്തികൾക്കും കിഫ് ബി മുഖാന്തിരം നടപ്പാക്കുന്ന പദ്ധതികൾക്കും 141.75 കോടി രൂപയും പ്രഖ്യാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രളയാനന്തര പുനർനിർമ്മാണവുമായി ഏതെല്ലാം പ്രവൃത്തികളാണ് ശബരിമലയിൽ പൂർത്തീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ? | (സി) | ശബരിമല ദർശനത്തിന് എത്തുന്ന ലക്ഷകണക്കിന് അയ്യപ്പ ഭക്തർക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. ബേസ് ക്യാമ്പ് നിലയ്ക്കലേയ്ക്ക് മാറ്റിയിട്ടുണ്ട്. ബേസ് ക്യാമ്പിലെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ സ്വീകരിച്ച് വരുന്നുണ്ട്. കെട്ടിടങ്ങൾ വിരിസ്ഥലങ്ങൾ എന്നിവയുടെ അറ്റകുറ്റ പണികൾ പൂർത്തീകരിച്ചു. ശുചിമുറികളുടെ ഉപയോഗ ക്ഷമത വർദ്ധിപ്പിച്ചു. മാലിന്യ നിർമ്മാർജ്ജനത്തിനാവശ്യമായ ഇൻസിനറേറ്ററുകൾ മാലിന്യ പ്ലാന്റുകൾ എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തി സുരക്ഷിത ദർശനം സാധ്യമാകുന്നതിന് ആവശ്യമായ ബാരിക്കേഡുകളുടെ നിർമ്മാണം നിലവിലുള്ളവയുടെ അറ്റകുറ്റപണികൾ എന്നിവ പൂർത്തിയാക്കി. കുടിവെള്ളത്തിന് കഴിഞ്ഞ വർഷം നടപ്പിലാക്കിയ സംവിധാനത്തേക്കാൾ വിപുലമായി കൂടുതൽ സൗകര്യങ്ങൾ ഈ വർഷം നടപ്പിലാക്കിയിട്ടുണ്ട്.<br><br>ശബരിമലയിൽ അന്നദാന മണ്ഡപത്തിന്റെ ഒന്നാം നിലയിൽ 35,000 ചതുരശ്ര അടിയും വലിയ നടപ്പന്തലിന്റെ കിഴക്ക് ഭാഗത്ത് കെട്ടിടത്തിന്റെ മുകളിൽ 12,000/- ചതുരശ്ര അടിയും പാണ്ടിത്താവളത്തിൽ 2,000 ചതുരശ്ര അടി വിസ്തൃതിയിലുമുള്ള വിരിഷെഡുകൾ സജ്ജമാക്കി. പമ്പയിൽ ടോയ് ലെറ്റ് കോംപ്ലക്സ് സ്ഥാപിച്ചു.<br>കുളിക്കടവ് നവീകരിച്ചു. കൂടാതെ സ്വാമി അയ്യപ്പൻ റോഡിലും കെ.എസ്.ആർ.ടി.സി-യ്ക്ക് സമീപം പമ്പയുടെ വിവിധ ഭാഗങ്ങളിലായി |

| | | | |
|---|---|---|---|
| | | | ബയോ ടോയ് ലറ്റുകളും മുൻ വർഷങ്ങളിലേക്കാൾ മെച്ചപ്പെട്ട രീതിയിൽ സ്ഥാപിച്ചു. നിലയ്ക്കലിൽ തീർത്ഥാടകർക്ക് 2000 വാഹനങ്ങളുടെ അധിക പാർക്കിംഗിനായി കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. ഓൺലൈൻ ബുക്കിംഗിനായി പോലീസുമായി സഹകരിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ